(ബി) വ്യാജപ്രചാരണത്തിന്റെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ ;

(സി) അന്വേഷണവിധേയമായി ആരെയെങ്കിലും കസ്റ്റഡിയിലെടുക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് അനന്തര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

അന്താരാഷ്ട്ര കുറ്റവാളികളെ പിടികൂടിയ സംഭവങ്ങൾ

41 (1784) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് നിന്നും അന്താരാഷ്ട്ര കുറ്റവാളികളെ പിടികൂടിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) തീവ്രവാദത്തിന്റെ പേരിൽ അന്താരാഷ്ട്ര കുറ്റവാളികളായി പ്രഖ്യാപിച്ചിരുന്നവർക്ക് സംസ്ഥാനത്ത് എത്തിച്ചേരുന്നതിനും താമസിക്കുന്നതിനും സൗകര്യമൊരുക്കിയതിന്റെ പേരിൽ എത്ര കേസുകൾ എടുത്തു ; എത്ര പേരെ ശിക്ഷിച്ചു ?

ഉത്തരം

(എ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോ. സി. സി. തോമസ് എന്നയാളെ നൈജീരിയക്കാരായ (1) ജോൺസൺ (2) മിഖായേൽ ബെനിയാറാ മുസോബ എന്നീ പ്രതികൾ ഒരു വർഷം മുൻപ് ആശുപത്രി തുടങ്ങുന്നതിന് 15 മില്യൺ ഡോളർ തരാമെന്ന് ഇന്റർനെറ്റിലൂടെ പറഞ്ഞ് വിശ്വസിപ്പിച്ച് സുമാർ 25 ലക്ഷം രൂപ വാങ്ങി ഡോളറാണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ഒരു പെട്ടിയിൽ കറുത്ത കടലാസുകൾ കൊടുത്ത് ചതിചെയ്തു എന്ന കാര്യത്തിന് 17-3-2010-ാം തീയതി കരിപ്പൂർ പി.എസ്.-ൽ ക്രൈം 105/10U/s 420 r/w 34 IPC and Sec. 66 (C) of IT Act ആയി കേസ് രജിസ്റ്റർ ചെയ്ത് രണ്ടു പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly